# ശ്ലീവാകാലം

## വചന വിചിന്തനം

### ശ്ലീവാകാലം രണ്ടാം ഞായര്‍

**മത്താ 17,14-27**

**അസാദ്ധ്യങ്ങളെ സാദ്ധ്യങ്ങളാക്കാന്‍ കൂടെയുണ്ടാകേണ്ടത് വിശ്വാസമാണ്. വിശ്വാസത്തിന്റെ വളര്‍ച്ച് ദൃഢമാകുന്നതിനനുസരിച്ച് അനുഗ്രഹങ്ങളുടെ ആഴം വര്‍ദ്ധിക്കും!**

*14-15 അവര്‍ ജനക്കൂട്ടത്തിന്‍െറ അടുത്തേക്കു വന്നപ്പോള്‍ ഒരാള്‍ കടന്നുവന്ന് അവന്‍െറ സന്നിധിയില്‍ പ്രണമിച്ചുകൊണ്ടു പറഞ്ഞു: കര്‍ത്താവേ, എന്‍െറ പുത്രനില്‍ കനിയണമേ; അവന്‍ അപസ്മാരം പിടിപെട്ട് വല്ലാതെ കഷ്ടപ്പെടുന്നു. പലപ്പോഴും അവന്‍ തീയിലും വെള്ളത്തിലും വീഴുന്നു.*

ഈശോയും മൂന്നു ശിഷ്യരും മലയില്‍നിന്നു വരുമ്പോള്‍, മറ്റു ശിഷ്യര്‍ക്കു ചുറ്റും നില്‍ക്കുന്ന ജനക്കൂട്ടത്തെയാണു കാണുന്നത്. അവരാണ് ഇവിടെ വിവരിക്കുന്ന സംഭവത്തിനു സാക്ഷികള്‍. "കത്താവേ എന്നില്‍ കനിയണമേ", എന്ന സഹായഭ്യര്‍ത്ഥനയുമായി ഒരാള്‍ ഈശോയെ സമീപിക്കുന്നു. ഗ്രീക്കു ബൈബിളില്‍ കാണുന്ന 'എന്റെ പുത്രനില്‍ കനിയണമേ' അരത്ഥമാകാകുന്നതു അതുതന്നെ. തന്റെ പുത്രന്റെ ചന്ദ്രരോഗം സുഖപ്പെടുത്തണമെന്ന് (ര്‍ക്കോ 9.17 പിശാചുബാധ) അയാള്‍ അപേക്ഷിക്കുന്നു. രോഗലക്ഷണങ്ങള്‍ അപസ്മാരത്തിന്റേതാണ്. പണ്ടുകാലത്തെ ആളുകള്‍ പിശാചുബാധയുടെ ലക്ഷണമായി അവയെ കരുതിയിരുന്നു. അപസ്മാരരോഗം മൂര്‍ഛിക്കുന്നത്, ചന്ദ്രന്റെ നിലയനുസരിച്ചാകയാലാണ് അതിനെ 'ചന്ദ്രരോഗം' എന്നു വിശേഷിപ്പിക്കുന്നത്.

അനുഗ്രഹങ്ങള്‍ സ്വന്തമാക്കാന്‍ മുട്ടേണ്ട ഇടങ്ങളില്‍ മുട്ടുക എന്നതുമാത്രമാണ് ചെയ്യേണ്ടത്.

*16 ഞാന്‍ അവനെ നിന്‍െറ ശിഷ്യന്‍മാരുടെ അടുത്തുകൊണ്ടുവന്നു. പക്ഷേ, അവനെ സുഖപ്പെടുത്താന്‍ അവര്‍ക്കു കഴിഞ്ഞില്ല.*

ഈശോയുടെ അസാന്നിദ്ധ്യത്തിലാണ് കുട്ടിയുടെ പിതാവ് ശിഷ്യരെ സമീപിച്ചത്. 'ശിഷ്യര്‍ക്ക് ആ കുട്ടിയെ സുഖപ്പെടുത്താന്‍ കഴിഞ്ഞില്ല' എന്ന പരാമര്‍ശം ശിഷ്യരുടെ കഴിവുകേടിനെ എടുത്തുകാട്ടുന്നു. ഒരു പഴയനിയമ സംഭവത്തെ അനുസ്മരിപ്പിക്കുന്നു. ഏലിയായുടെ ശിഷ്യനായ ഗഹാസി തന്റെ ഗുരുവിന്റെ വടിയുടെ ശക്തിയാല്‍ഷൂനാംകാരിയുടെ പുത്രനെ ഉയിര്‍പ്പിക്കാന്‍ ഒരു വിഫലശ്രമം നടുത്തുകയുണ്ടായി (2രാജ 4.29-31). അത്ഭുതപ്രവര്‍ത്തനത്തിന് വിശ്വാസം ആവശ്യമായതിനാല്‍, ശിഷ്യരുടെ വിശ്വാസക്കുറവാണ് ഇവിടെ പ്രതിപാദ്യം.

*17 യേശു പ്രതിവചിച്ചു: വിശ്വാസമില്ലാത്തതും വഴിപിഴച്ചതുമായ തലമുറയേ, എത്രനാള്‍ ഞാന്‍ നിങ്ങളുടെ കൂടെയുണ്ടായിരിക്കും! എത്രനാള്‍ ഞാന്‍ നിങ്ങളോടു ക്ഷമിച്ചിരിക്കും! അവനെ ഇവിടെ എന്‍െറ അടുത്തു കൊണ്ടുവരിക.*

ഈശോയുടെ പരിദേവനത്തിനു കാരണം ശിഷ്യരുടെ വിശ്വാസക്കുറവാണ് എന്നു വരികളും, വിശ്വാസമില്ലാത്ത തലമുറയാണത്. അവര്‍ മോശയുടെ സമകാലികര്‍ക്കു തുല്യരാണ് (നിയ 32.5). വിലാപ സങ്കീര്‍ത്തനങ്ങളില്‍ പലപ്പോഴും 'എത്രനാല്‍' എന്ന ചോദ്യം കാണാറുണ്ട് (സങ്കി 6.3; സങ്കീ 13.2) ഇത്തരത്തിലുള്ള പരിദേവനത്തിനുശേഷം,

ചിലപ്പോൾ ശിക്ഷാവചനവും കാണാറുണ്ട്. 'ഈ സമൂഹം എത്രനാൾ എനിക്കെതിരെ പിറുപിറുക്കും;' 'ഈ മരുഭൂമിയിൽ നിങ്ങൾ നിപതിക്കും' (സംഖ്യ 14.27).

'എത്രവാൾ ഞാൻ നിങ്ങലോടുകൂടെ ഉണ്ടായിരിക്കും' എന്നതിന്റെ അർത്ഥം, 'അധികം നാൾ ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കയില്ല' എന്നാണ് (വെളി 6.10). ജറുസലേമിലേക്കുള്ള യാത്രയും സഹനവും മരണവും മുന്നിൽ കണ്ടുകൊണ്ടുള്ള ചോദ്യമാണിത്. ദൈവം വാഗ്ദാനം ചെയ്ത 'ഇമ്മാനുവേൽ' (=ദൈവം നമ്മോടുകൂടെ) ഈശോയാണ്. ദൈവപുത്രൻ തന്റെ ജനത്തിന്നെതിരെ വിലപിക്കുന്നു.

*18 യേശു അവനെ ശാസിച്ചു. പിശാച് അവനെ വിട്ടുപോയി. തത്ക്ഷണം ബാലൻ സുഖംപ്രാപിച്ചു.*

മർക്കോസിന്റെ വിവരണത്തിൽ കാണുന്ന ഈശോയും കുട്ടിയുടെ പിതാവുമായുള്ള സംഭാഷണം മത്തായി ഉപേക്ഷിക്കാൻ കാരണം, ഈശോയും ശിഷ്യരും തമ്മിലുള്ള സംഭാഷണം പ്രാധാന്യം അർഹിക്കുന്നു എന്നതാണ്. വിശ്വാസമില്ലാത്ത തലമുറയുടെ പ്രതിനിധിയെന്ന നിലയിൽ കുട്ടിയുടെ പിതാവിനെയാവാം ഈശോ ശാസിക്കുന്നത്. ഈശോ രോഗത്തെയാവാം ശാസിക്കുന്നത്. അപ്പോൾ രോഗം വിട്ടുമാറുന്നു. സാധാരണക്കാരുടെ സങ്കൽപത്തിൽ രോഗകാരണമായ പിശാചിനെയാവാം അവിടുന്ന് ശാസിക്കുന്ന്. പിശാചുവിട്ടുമാറുന്നതോടെ ബാലന്റെ രോഗവും വിട്ടുമാറുന്നു. പിശാചുക്കളുടെ പരാജയം ദൈവരാജ്യം സമാഗതമായി എന്നതിനു തെളിവാണ് (12.25-28).

*19-20 അനന്തരം ശിഷ്യൻമാർ തനിച്ച് യേശുവിനെ സമീപിച്ചു ചോദിച്ചു. എന്തുകൊണ്ടാണ് അതിനെ ബഹിഷ്കരിക്കാൻ ഞങ്ങൾക്കു കഴിയാതെ പോയത്? യേശു പറഞ്ഞു: നിങ്ങളുടെ അൽപവിശ്വാസം കൊണ്ടു തന്നെ. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾക്കു കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ ഈ മലയോട്, ഇവിടെ നിന്നു മാറി മറ്റൊരു സ്ഥലത്തേക്കു പോവുക, എന്നു പറഞ്ഞാൽ അതു മാറിപ്പോകും.*

അനുഗ്രഹമാകുന്നതിനും അനുഗ്രഹമേകുന്നതിനും തടസമാകുന്നത് ഒന്നുമാത്രം, അൽപ്പവിശ്വാസം!

ശിഷ്യർക്കു മാത്രമായുള്ള പ്രബോധനം പ്രാധാന്യമർഹിക്കുന്നു. ശിഷ്യർക്കു കുട്ടിയെ സുഖപ്പെടുത്താൻ കഴിയാഞ്ഞത് അവരുടെ അൽപവിശ്വാസം മൂലമാണ്. പ്രതിസന്ധികളിൽ, അവരുടെ വിശ്വാസക്കുറവ് പ്രകടമാക്കുന്നത് എങ്ങനെയാണെന്നു കണ്ടതാണ് (6.30; 8.26; 14.13). ഇവിടെ അവർ പ്രതിസന്ധിയിലല്ല. അവരുടെ അൽപവിശ്വാസം അവിശ്വാസത്തിനു തുല്യമാണ്. മർക്കോസ് വിചാരിക്കുന്നതിൽനിന്നു വ്യത്യസ്തമായി (6.52), ശിഷ്യർ ഗ്രഹണശക്തി ഇല്ലാത്തവരല്ല, കഠിനഹൃദയരുമല്ല. എന്നാൽ, കടുകുമണിയോളം പോലുമില്ലാത്ത വിശ്വാസമാണ് അവരുടേത്.

ഏറ്റവും ചെറിയ കടുകമണി ഏറ്റവും വലിയ മരമായിത്തീരുന്നതെക്കുറിച്ചുള്ള പരാമർശം കണ്ടുകഴിഞ്ഞതാണ് (13.31). അൽപം വിശ്വാസം ഉണ്ടെങ്കിൽ, ഒരാൾക്കു വലിയ കാര്യങ്ങൾ ചെയ്യാൻ സാധിക്കും. അദൃശ്യമായ വിശ്വാസത്തിനു ദൃശ്യമായ ഫലം പുറപ്പെടുത്താൻ കഴിയും. വിശ്വസിക്കുന്നവരിലൂടെ ദൈവം പ്രവർത്തിക്കുന്നു എന്നതാണ് അതുനുകാരണം.

റബ്ബിമാരുടെ ശൈലിയിൽ, 'മലയെ മാറ്റുക' അർത്ഥമാക്കുന്നത് 'അസാദ്ധ്യമായതു ചെയ്യുക' എന്നതാണ്. വിശ്വാസത്തിന്റെ ശക്തി വളരെ വലുതാണ്. അതിന് ഏതദ്ഭുതവും ചെയ്യാൻ കഴിയും. പ്രാർത്ഥനയുടെ ശക്തിയെക്കുറിച്ചു പറയുമ്പോൾ ഇതേ പ്രസ്താവനം മറ്റൊരു രൂപത്തിൽ കാണുന്നു (21.21= മർക്കോ 11.23...). വിശ്വാസത്തോടെ പറഞ്ഞാൽ, മല കടലിലേക്കു മാറിപ്പോകും. അത്തിമരം പിഴുതു കടലിൽ നടപ്പെടും (ലൂക്കാ 17.6). വിശ്വസിക്കുന്നവർക്ക് എല്ലാം (മർക്കോ. 9.20) എന്ന ഉറപ്പാണ്, 'നിങ്ങൾക്ക് ഒന്നു അസാധ്യമല്ല' എന്ന വാഗ്ദാനത്തിൽ കാണുന്നത്. 'മലയെ മാറ്റാനുള്ളവിശ്വാസത്തെ കുറിച്ച് 1കോറി 13.2 -ാം വാക്യവും (=എനിക്കു മലകളെ മാറ്റാൻ തക്ക വിശ്വസമുണ്ടായാലും സ്നേഹമില്ലെങ്കിൽ ഞാൻ ഒന്നുമല്ല) പരാമർശിക്കുന്നുണ്ട്.

*21 നിങ്ങൾക്ക്യാതൊന്നും അസാധ്യമായിരിക്കുകയില്ല.*

പിശാചുക്കളെ ബഹിഷ്ക്കരിക്കുന്നതിന് വിശ്വാസത്തോടൊപ്പം പ്രാർത്ഥനയും വേണ്ടിയിരിക്കുന്നു. ആരംഭത്തിൽ 21 –ാം വാക്യത്തിൽ ഉപവാസത്തെക്കുറിച്ചുള്ള പരാമർശം ഇല്ലായിരുന്നെങ്കിലും, യഹൂദഭക്താഭ്യാസങ്ങളിൽപ്പെട്ടതും ആദിമസഭ വിലമതിച്ചിരുന്നതുമായ അതിനെ പിന്നീട് ഇവിടെ കൂട്ടിചേർക്കുകയുണ്ടായി. രഹസ്യത്തിലുള്ള ഉപവാസമാണ് ഈശോ പ്രോത്സാഹിപ്പിച്ചിരുന്നത് (6.16 –18).

*22 അവർ ഗലീലിയിൽ ഒരുമിച്ചുകൂടിയപ്പോൾ യേശു അവരോടു പറഞ്ഞു: മനുഷ്യപുത്രൻമനുഷ്യരുടെ കൈകളിൽ ഏൽപിക്കപ്പെടാൻ പോകുന്നു.*

തന്റെ പീഡാസഹനത്തെക്കുറിച്ച് ഈശോ വീണ്ടും പറഞ്ഞപ്പോൾ, 'അവർ അതു കേട്ടു ദുഃഖിച്ചു എന്നു മത്തായിയും, അവർക്ക് അതു മനസ്സിലായില്ലെന്നു മർക്കോസും ലൂക്കായും രേഖപ്പെടുത്തുന്നു. 16.21 –ാം വാക്യത്തിൽ ഗലിലേയായെ (കേസറിയ പിലിപ്പി)ക്കുറിച്ചു പരാമർശമുണ്ടായതിൽനിന്ന് ഇപ്പോൾ മാത്രമാണ് ആ സ്ഥലത്തെക്കുറിച്ച് പരാമർശമുണ്ടാകുന്നത്. അതിനുശേഷം വിവരിക്കുന്ന സംഭവങ്ങളെല്ലാം ഗലിലേയായ്ക്കു പുറത്തുവച്ചാകണം നടക്കുന്നത്. ഈ പ്രവചനത്തിന്റെ പ്രത്യേകത, 'മനുഷ്യപുത്രൻ മനുഷ്യർക്കു കയ്യാളിക്കപ്പെടും എന്നു പറയുന്നതിലാണ്. മനുഷ്യപുത്രൻ ഏകനായി നിൽക്കുന്നു. മനുഷ്യർ എല്ലാവരുമാണ് മനുഷ്യപുത്രന് എതിരെ നിൽക്കുന്നത്. ദൈവശാസ്ത്രപരമായി പറഞ്ഞാൽ, ദൈവമാണ് അവിടുത്തെ കയ്യാളിക്കുന്നത്. ദൈവം തന്റെ ജനത്തെ ശത്രുക്കൾക്കു കയ്യാളിച്ചിട്ടുണ്ട് (2രാജാ 21.14 = എന്റെ അവകാശത്തിന്റെ അവശിഷ്ടഭാഗം ഞാൻ അവരുടെ ശത്രുക്കളുടെ കയ്യിലേക്ക് എറിഞ്ഞുകൊടുക്കുന്നു. ശത്രുക്കൾ അവരെ കൊള്ളയടിക്കും; സങ്കീ 106.41= കർത്താവു തന്റെ ജനത്തെ ജനതകളുടെ കയ്യിൽ ഏൽപിച്ചുകൊടുത്തു. അവർ അവരെ ഭരിച്ചു). ദൈവകോപത്തിന് അർഹരായിത്തീർന്ന മനുഷ്യർക്കു പകരമായാണ് ദൈവ ഈശോയെ കയ്യാളിക്കുന്നത്.

ഈശോയുടെ പീഡാനുഭവ പ്രവചനം വേദനജനിപ്പിക്കുന്നതാണ്, എങ്കിലും, സഹനങ്ങൾ മാത്രമാണ് രക്ഷസമ്മാനിക്കുന്നതെന്ന തിരിച്ചറിവ് രക്ഷയ്ക്ക് കാരണമാകുന്നതാണ്.

*23 അവർ അവനെ വധിക്കും; എന്നാൽ മൂന്നാം ദിവസം അവൻ ഉയിർപ്പിക്കപ്പെടും. ഇതുകേട്ട് അവർ അതീവ ദുഃഖിതരായിത്തീർന്നു.*

മനുഷ്യപുത്രനെ കയ്യാളിക്കുന്നതു ദൈവമാകയാൽ, അവിടുത്തെ ഉയിർപ്പിക്കുന്നതും ദൈവമാണ്. മത്തായി ശിഷ്യരുടെ ഭയത്തെക്കുറിച്ചോ ഗ്രഹണശേഷിക്കുറവിനെക്കുറിച്ചോ ഒന്നും പറയുന്നില്ല. ഈശോയുടെ സഹനത്തെക്കുറിച്ചു മനസ്സിലാക്കുന്ന അവർ ദുഃഖിക്കുന്നു. എന്നാൽ, ഈശോയെ സഹനത്തിൽനിന്നു പിന്തിരിക്കാൻ അവർ ആഗ്രഹിക്കുന്നില്ല (16.22.. = കേപ്പാ). ഈശോയുടെ ഉത്ഥാനത്തെക്കുറിച്ച് മനസ്സിലാക്കിയിരുന്നെങ്കിൽ, അവർ സന്തോഷിക്കുമായിരുന്നു. ദുഃഖിക്കുമായിരുന്നില്ല.

*24 അവർ കഫർണാമിലെത്തിയപ്പോൾ ദേവാലയനികുതി പിരിക്കുന്നവർ പത്രോസിൻെറ അടുത്തുചെന്നു ചോദിച്ചു: നിങ്ങളുടെ ഗുരു നികുതികൊടുക്കുന്നില്ലേ?*

ഈശോയും കേപ്പായും താമസിക്കുന്നതു കഫർണാമിലാണ്. നികുതിപ്പിരിവുകാർ കേപ്പായെ സമീപിച്ച്, ഈശോ നികുതികൊടുക്കുന്നതെക്കുറിച്ച് അന്വേഷിക്കുന്നു. ആദിമക്രൈസ്തവർ ദേവാലയനികുതി കൊടുക്കുന്നതെക്കുറിച്ചു ചർച്ച ചെയ്തിരിക്കുന്നു. ഈശോടുടെ നിലപാടു കണക്കിലേടുത്ത് അവർക്കു മാർഗ്ഗനിർദ്ദേശം നൽകാനാണു ഗ്രന്ഥകാരൻ ശ്രമിക്കുന്നത്.

പ്രവാസകാലത്തിനുശേഷമാണ്, ഇസ്രയേലിൽ തലവരിയും ദേവാലയനികുതിയും പിരിക്കുന്ന ഏൽപ്പാടുണ്ടായത്. നെഹെ 10.33 –ാം വാക്യമനുസരിച്ച്, ദേവാലയനികുതി ആരംഭത്തിൽ1/3 ഷെക്കലായിരുന്നു. അതാണ് പിന്നീട് 1/2 ഷെക്കലായി ഉയർത്തിയത്. ദേവാലയനാശം വരെ ആ നികുതി കൊടുക്കാൻ യഹൂദരും ആദിമക്രൈസ്തവരും ബാധ്യസ്ഥരായിരുന്നു. ദേവാലയനാശത്തിനുശേഷം, റോമായിലെ ജുപിപിറ്റർ ദേവന്റെ ക്ഷേത്ര

ത്തിനു വേണ്ടി ആ തുക തുടർന്നും നൽകണമെന്നു റോമാക്കാർ നിർദ്ദേശിച്ചു. റോമാക്കാർ ആവശ്യപ്പെട്ട നികുതിയെക്കുറിച്ചല്ല മത്തായി ഇവിടെ പരാമർശിക്കുന്നത്.

മത്തായിയുടെ സുവിശേഷത്തിൽമാത്രം കാണുന്ന ഈ സംഭവം മത്തായിയുടെ സമൂഹത്തിന്റെ പാരമ്പര്യത്തിൽനിന്നു വരുന്നതാണ്. യഹൂദരുമായി ബന്ധപ്പെട്ടുകഴിഞ്ഞിരുന്നു ആദിമക്രൈസ്തവരെ ദേവാലയനാശം വരെ അലട്ടിയിരുന്ന ഒരു പ്രശ്നമായിരുന്നു ദേവാലയനികുതി.

*25-26 അവൻ പറഞ്ഞു: ഉവ്വ്. പിന്നീടു വീട്ടിലെത്തിയപ്പോൾ യേശു ചോദിച്ചു: ശിമയോനേ, നിനക്കെന്തു തോന്നുന്നു, ഭൂമിയിലെ രാജാക്കൻമാർ ആരിൽ നിന്നാണ് നികുതിയോചുങ്കമോ പിരിക്കുന്നത്? തങ്ങളുടെ പുത്രൻമാരിൽ നിന്നോ, അന്യരിൽ നിന്നോ? അന്യരിൽ നിന്ന് വ പത്രോസ് മറുപടി പറഞ്ഞു. യേശു തുടർന്നു: അപ്പോൾ പുത്രൻമാർ സ്വതന്ത്രരാണല്ലോ;*

ദേവാലയനികുതി ആവശ്യപ്പെട്ടവരോടു കേപ്പ പറയുന്ന മറുപടി അദ്ദേഹത്തിന്റെ യഹൂദചിന്താഗതി സ്പഷ്ടമാക്കുന്നു. എന്നാൽ, വീട്ടിൽവച്ചുള്ള സംഭാഷമത്തിൽനിന്നു മനസ്സിലാക്കുവാൻ കഴിയുന്നത്, ദേവാലയനികുതി കൊടുക്കാൻ ഈശോ ബാധ്യസ്ഥനല്ലെന്നാണ്. അതിനാൽ, അതു കൊടുക്കാതിരിക്കാൻ വിശ്വാസികൾക്ക് സ്വാതന്ത്രമുണ്ടെന്നു സ്പഷ്ടം.

രാജാക്കൻമാർ സാമന്ത രാജാക്കന്മാരിൽനിന്നു കപ്പവും, പ്രജകളിൽനിന്നു നികുതിയും പിരക്കാറുണ്ട്. എന്നാൽ, രാജപുത്രന്മാർ നികുതി കൊടുക്കാറില്ല. അതുപോലെ, ദൈവമക്കൾ ദൈവഭവനത്തിനു (ദേവാലയത്തിനു)വേണ്ടി നികുതി കൊടുക്കേണ്ടതില്ല. അതു പറയുന്നതു സാബത്തിനറെ നാഥനാണ് (12.8), ദേവാലയത്തെക്കാൾ വലിയവനാണ് (12.6). സമൂഹത്തിനു ദൈവവുമായുള്ള ബന്ധം, പുത്രനോടുള്ള ബന്ധത്തിൽനിന്ന് ഉണ്ടാകുന്നതാണ്, ദേവാലയത്തോടുള്ള ബന്ധത്തിൽനിന്ന് ഉണ്ടാകുന്നതല്ല.

*ക്രിസ്തു ദേവാലയനികുതി കൊടുക്കുന്നു... കാരണം, മറ്റുള്ളവർക്ക് ഇടർച്ചയ്ക്ക് കാരണമാകാതിരിക്കാൻ!*

ദൈവമക്കൾ നികുതി കൊടുക്കുന്നെങ്കിൽ, അതു കടപ്പാടിന്റെ പേരില്ലല, സ്വാതന്ത്ര്യത്തിന്റെ പേരിലാണ്. ഏതായാലും ഈശോ കേപ്പായുടെ നന്മനസ്സിനെ അംഗീകരിക്കുന്നു.

*27 എങ്കിലും, അവർക്ക് ഇടർച്ചയുണ്ടാക്കാതിരിക്കാൻ നീ കടലിൽപോയി ചൂണ്ടയിടുക; ആദ്യം ലഭിക്കുന്ന മത്സ്യത്തിൻെറ വായ് തുറക്കുമ്പോൾ ഒരു നാണയം കണ്ടെത്തും. അതെടുത്ത് എനിക്കും നിനക്കുംവേണ്ടി അവർക്കു കൊടുക്കുക.*

നികുതി പിരിവുകാർക്ക് ഇടർച്ച ഉണ്ടാകാതിരിക്കാൻവേണ്ടിയാണ്, നികുതി കൊടുക്കാൻ കേപ്പായെ ഈശോ അനുവദിക്കുന്നത്. ദൈവമക്കളെന്ന നിലയിൽ, തങ്ങളുടെ സ്വാത്രത്തെക്കുറിച്ച് കൈസ്തവർ ബോധനാന്മാരായിരിക്കണം. എന്നാൽ, പ്രത്യേക സാഹചര്യങ്ങളിൽ, ചില കാര്യങ്ങൾ പരിഗണിക്കേണ്ടി വരുമെന്നുമാത്രം. ഇതിഹാസതുല്യമായ ഒര കഥയാണ് ഇവിടെ കാണുന്നത്. രണ്ടു പേരുടെ നികുതിക്ക് ആവശ്യമായ, നാലു ദ്രാക്മയ്ക്കു തുല്യമായ ഒരു നാണയം ഒരു മത്സ്യത്തിന്റെ വായിൽനിന്നു ലഭിക്കുന്നു. ഒരു വേലക്കൂലിക്കു തുല്യമാണ് ഒരു ദ്രാക്മാ. രണ്ടു ദാക്മാ ദേവാലയ നികുതിയായ അര ഷെക്കലിന് തുല്യമാണ്.

<sub></sub>കടപ്പാട്: **റവ.ഡോ.തോമസ് കയ്യാലപറമ്പിൽ**

***"സുവിശേഷ വ്യഖാനം: മത്തായി"***